## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1694 | | 16.03.2015-ൽ മറുപടിക്ക് | |
|---|---|---|---|
| **ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനു നടപടി** | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ചിറ്റയം ഗോപകുമാർ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനു വേണ്ടി (Protection of Children from Sexual Offences) പി.ഒ.സി.എസ്.ഒ (POSCO) ഡിവിഷനുകൾ ആരംഭിക്കുന്നതിനു വേണ്ടി എത്ര തുക നടപ്പ് ബഡ്ജറ്റിൽ വകയിരുത്തി അനുവദിച്ചിട്ടുണ്ട് എന്നറിയിക്കാമോ ; | (എ) | 2014-2015 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപ 21.05.2014-ലെ സർക്കാർ ഉത്തരവ് നം. 375/2014/എസ്.ജെ.ഡി. പ്രകാരം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ ഡിവിഷന്റെ പ്രവർത്തന അധികാര ഘടനാ വിവരങ്ങൾ വിശദമാക്കാമോ ; | (ബി) | പോക്സോ മോണിറ്ററിംഗ് സംവിധാനത്തിലൂടെ പോലീസ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, പ്രത്യേക കോടതികൾ എന്നിവിടങ്ങളിൽ നിന്നും ബാലാവകാശ കമ്മീഷന് ലഭിക്കുന്ന വിവരങ്ങൾ സൂക്ഷ്മമായും അവധാനതയോടും കമ്മീഷൻ വിലയിരുത്തുകയും ആവശ്യമായ ഇടപെടലുകൾ നടത്തി വരികയും ചെയ്യുന്നു. ഹൈക്കോടതിയുടെ അനുമതിയോടു കൂടിയാണ് പ്രത്യേക കോടതികളിൽ നിന്നും വിവരം ശേഖരിക്കുന്നത്. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഇടപെടൽ ആവശ്യമായ ഘട്ടങ്ങളിൽ ഇത്തരം വിഷയങ്ങൾ ക്രൈം റിവ്യൂ മീറ്റിങ്ങിൽ പ്രത്യേകം പരിഗണിക്കാൻ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല, ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കേസ്സുകളിൽ ബന്ധപ്പെട്ട ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന വ്യവസ്ഥ കർശനമായി പാലിക്കുവാൻ പോലീസിന് നിർദ്ദേശം നൽകുവാനും സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസ്സുകൾക്ക് പുറമേ മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നുണ്ടോ എന്ന കാര്യം ടി കമ്മീഷൻ നിരീക്ഷിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പോക്സോ കേസുകൾ സമയബന്ധിതമായി വിചാരണ ചെയ്ത് അതാതു ജില്ലകളിൽ തീർപ്പാക്കുന്നതിനായി താരതമ്യേന ജോലിഭാരം കുറഞ്ഞ സെഷൻസ് കോടതികളെ പോക്സോ ആക്ട് പ്രകാരമുള്ള പ്രത്യേക കോടതികളായി പുനർനാമനിർദ്ദേശം ചെയ്യുന്നതിനുള്ള നടപടികൾ ഹൈക്കോടതി മുഖേന കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്.<br>കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിലെ പോക്സോ മോണിറ്ററിംഗ് സെൽ കമ്മീഷനിലെ ഒരംഗത്തിന്റെ ചുമതലയിലും കമ്മീഷൻ രജിസ്ട്രാറുടെ നേതൃത്വത്തിലുമാണ് പ്രവർത്തിക്കുന്നത്. ടി സെല്ലിൽ സെക്ഷൻ ഓഫീസർക്കും സീനിയർ കൺസൾട്ടന്റിനും പുറമേ ഒരു ലീഗൽ അനലിസ്റ്റ്, രണ്ട് കേസ് വർക്കർമാർ, ഒരു ഡി.റ്റി.പി. ഓപ്പറേറ്റർ എന്നിവരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | നാളിതുവരെ എത്ര തുക ഡിവിഷൻ ആരംഭിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് അറിയിക്കാമോ ; | (സി) | നാളിതുവരെ 17,90,145/- രൂപ പോക്സോ സെല്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചിലവഴിച്ചിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ പറയും പ്രകാരം വിശദമാക്കുന്നു. |

| നം. | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | തുക |
|---|---|---|---|
| I. | വിവിധ പ്രവർത്തനങ്ങൾ | 2235-02-102-53-34 ഒ.സി. (പി) | **560560** |
| 2. | ശമ്പളം | " | **521254** |
| 3. | വാഹന വാടക | " | **128000** |
| 4. | ഓഫീസ് ചിലവുകൾ | " | **73233** |
| 5. | ഓഫീസ് എക്യൂപ്മെന്റ്സ് & മെഷിനറി വാങ്ങിയത് | " | **507098** |
| | | ആകെ | **17,90,145** |

ഇതിനുപരിയായി കമ്മീഷൻ പ്രസിദ്ധീകരിച്ച കുട്ടികളുടെ കൈപ്പുസ്തകം പോക്സോ ആക്ട് സംബന്ധിച്ച കൈപ്പുസ്തകം എന്നിവയുടെ അച്ചടിക്കായി 52 ലക്ഷം രൂപ കൂടി ഈ സാമ്പത്തിക വർഷം ചിലവു പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| (ഡി) | കേന്ദ്ര സർക്കാറിന്റെ ഏതെങ്കിലും തരത്തിലുള്ള സഹായം ഈ പദ്ധതിക്ക് ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; | (ഡി) & (ഇ) | കമ്മീഷന്റെ പോക്സോ സെല്ലിന്റെ പ്രവർത്തനം കേരള സർക്കാരിന്റെ ഫണ്ട് മുഖാന്തിരമാണ് നടക്കുന്നത്. കേന്ദ്ര സഹായം തേടുകയോ, ലഭിക്കുകയോ ചെയ്തിട്ടില്ല. |
| (ഇ) | ആയതിന് വേണ്ടി എന്തെങ്കിലും തരത്തിലുള്ള ശ്രമം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ